വേളാങ്കണ്ണി മാതാവും, സെന്റ് ആന്റണിയും സീരിയലായി വീട്ടിനുള്ളിലെത്തുമ്പോൾ വിശ്വാസം പ്രചരിപ്പിക്കുക എന്നതല്ല ഉദ്ദേശ്യം എന്ന് നാം അറിയണം. ഭക്തരായ സാധാരണക്കാരെപ്പോലും തങ്ങളുടെ പ്രേക്ഷകരാക്കി മാറ്റുക എന്നതു മാത്രമാണ് ഇവരുടെ ലക്ഷ്യം. അതിഭാവുകത്വത്തോടെ കെട്ടിച്ചമച്ച കഥകൾ അവതരിപ്പിക്കുമ്പോൾ വിശ്വാസമല്ല അന്ധവിശ്വാസങ്ങളാണ് ഊട്ടി ഉറപ്പിക്കപ്പെടുന്നത്. സത്യങ്ങളെ വളച്ചൊടിച്ച് സഭ നിഷേധിച്ചിരിക്കുന്ന കാര്യങ്ങളെപ്പോലും തന്മയത്വത്തോടെ അവതരിപ്പിക്കുവാനുള്ള മിടുക്ക് മാധ്യമങ്ങൾക്കുണ്ട്. നാം കണ്ടുനിൽക്കുന്ന സത്യങ്ങളെപ്പോലും വളച്ചൊടിച്ച് അവതരിപ്പിക്കുവാനും തങ്ങളുടെ ആശയത്തിനൊത്ത് വ്യാഖ്യാനിക്കുവാൻ കഴിവുള്ളവർക്ക്, മനുഷ്യന്റെ മൃദുല വികാരങ്ങളെ ചൂഷണം ചെയ്യുന്നവർക്ക്, ജനകീയ വിശ്വാസങ്ങളെ തിരിച്ചറിയാനാവാത്ത വിധം അന്ധവിശ്വാസങ്ങളുമായി കലർത്തി അവതരിപ്പിക്കാനറിയാം എന്നതാണു സത്യം. ചാനലുകളിലൂടെ പ്രചരിപ്പിക്കുന്നവയുടെ പതിരും പൊരുളും വെളിപ്പെടുത്തുവാനുള്ള നല്ല മനസ്സ് നമുക്കുണ്ടാവുക. അസത്യങ്ങളെയും, അന്ധവിശ്വാസങ്ങളെയും നിക്ഷേധിക്കുവാനും ചോദ്യം ചെയ്യുവാനുമുള്ള ആർജ്ജവത്വം സ്വായത്തമാക്കുക. അതിനു നമുക്കാവുന്നില്ലെങ്കിൽ ജനകീയ ഭക്തിയുടെ അടിത്തറയിളക്കപ്പെടും. വിശ്വാസത്തിന്റെ പ്രകടനങ്ങൾ അന്ധവിശ്വാസങ്ങൾക്കു വഴിമാറും. ❐

All Correspondence and the matters to be published in
THE LIGHT OF COCHIN may be addressed to:

**The Editor**
**The Light of Cochin**
**Bishop's House, Fort Cochin- 682 001.**



# The Light of Cochin

## COCHIN DIOCESAN BULLETIN

*Patron*
**Rt. Rev. Dr. John Thattumkal**
Bishop of Cochin

*Editor*
**Rev. Fr. Antony Thamby Thaikkoottathil**

*Circulation Manager*
**Rev. Fr. Xavier Chiramel**

Vol. XXXVII | APRIL 2008 | No. 4

**ഈ ലക്കത്തിൽ** | **പേജ്**


| | |
|---|---|
| പിതാവ് നമ്മോട് | 03 |
| പത്രാധിപക്കുറിപ്പ് | 05 |
| ബൈബിൾ ആനിമേറ്റേഴ്സ് ക്യാമ്പ് | 06 |
| "മതബോധനകേന്ദ്രത്തിൽനിന്നും സ്നേഹാശംസകൾ" | 07 |
| കൊച്ചി രൂപത പാസ്റ്ററൽ കൗൺസിൽ | 08 |
| നിയമാവലി - പ്രസക്തഭാഗങ്ങൾ | 09 |
| കുമ്പളങ്ങി വടക്കുംഭാഗം വിശുദ്ധ യൗസേപ്പിതാവിന്റെ പള്ളി ലഘുചരിത്രം | 12 |
| രൂപതാ വാർത്തകൾ | 24 |
| Bishop's Engagements in April | 26 |
| Bishop's Diary | 28 |
| പിന്നാമ്പുറം | 29 |


(For Private Circulation only)

Blank





പിതാവ് നമ്മോട്

# ജീവിതം ഒരു കണ്ടുമുട്ടലാണ്

**ജീ**വിതം മുഴുവൻ ക്രിസ്തുവിനായി സമർപ്പിച്ച് കടന്നുപോയ ജോൺപോൾ രണ്ടാമൻ മാർപാപ്പ ഓരോ ക്രൈസ്തവനും മാതൃകയാണ്. ഏപ്രിൽ 2-ാം തിയതി അദ്ദേഹത്തിന്റെ 3-ാം ചരമവാർഷിക ദിനമാണ്. ജീവിച്ചിരുന്നപ്പോൾ പാപ്പ നമ്മ നോക്കി പറഞ്ഞത് ക്രിസ്തുവിനെ നോക്കി കാണുന്ന കണ്ണുകൾ അത് വിശ്വാസ ത്തിന്റെയും സ്നേഹത്തിന്റെയും ഒപ്പം യുക്തിയുടെയും ബലത്തിലാകണമെന്നു മാത്രം. നാമോരോരുത്തരും നിരന്തര മായി വിശ്വസിക്കുന്ന കാര്യങ്ങൾ ക്രിസ്തു വിജ്ഞാനീയത്തി ന്റെയും സഭയുടെയും പഠനങ്ങളാണ്. ക്രിസ്തുവിജ്ഞാനീയ ത്തിന്റെ ആരംഭം എന്നു പറയുന്നത് വിശ്വസിച്ച, ജീവിച്ച, പ്രഘോഷിച്ച ക്രൈസ്തവ സമൂഹങ്ങൾ തന്നെയാണ്. യേശു ക്രിസ്തുവിലുള്ള വിശ്വാസം ജനിക്കുന്നത് വിശ്വസിക്കുന്ന ക്രിസ്ത്യാനികളുടെ നിരന്തരമായ കണ്ടുമുട്ടലിലൂടെയാണ്. ഓരോ കണ്ടുമുട്ടലും ഓരോ കാര്യങ്ങൾ വെളിപ്പെടുത്തുന്നുണ്ട്. കണ്ടു മുട്ടുമ്പോൾ മാത്രമാണ് സംഭാഷിക്കാൻ തോന്നുന്നതും. ആശയങ്ങളും, ആദർശങ്ങളും കൈമാറുന്നതും. ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഏതു രാജ്യത്തിൽ കാലുകുത്തിയാലും ആ മണ്ണിനെ മുട്ടുകുത്തി ചുംബിക്കും. എത്രയോ, വലിയ ഒരനുഭൂതി യാണത്. ഒരുവൻ തന്റെ ജീവിതത്തിൽ ദൈവവുമായി രമ്യത പ്പെടണം. സഹോദരനുമായി രമ്യതപ്പെടണം. പ്രപഞ്ചവുമായി രമ്യതപ്പെടണം. പ്രപഞ്ചം യഥാർത്ഥത്തിൽ ദൈവത്തെ കണ്ടു മുട്ടാനുള്ള വേദി തന്നെയാണ്. മണ്ണിനോടും മനുഷ്യരോടും ബന്ധമുള്ളവൻ മാത്രമേ ക്രിസ്തുവുമായി ബന്ധം സ്ഥാപിക്കാൻ സാധിക്കുകയുള്ളൂ എന്ന് ലോകത്തോട് പറയുകയായിരുന്നു പാപ്പ ചെയ്തത്.

"പ്രത്യാശയുടെ പടിവാതിൽ" എന്ന ഗ്രന്ഥത്തിൽ മാർപാപ്പ ചോദിക്കുന്നു എന്താണ് പ്രാർത്ഥന ? യഥാർത്ഥത്തിൽ ഒരു കണ്ടുമുട്ടലാണ്. ഒരു സംഭാഷണമാണ്. അതിൽ രണ്ടു വ്യക്തികളുണ്ട്. നീയും ഞാനും ഉണ്ട്. ഇതിൽ "നീ" എന്നത് വലിയ "നീ"യാണ് - ദൈവം. ഒരുവന്റെ ജീവിതത്തിൽ പ്രഥമസ്ഥാനത്തു പ്രതിഷ്ഠിക്കേണ്ടതും ഈ "നീ" തന്നെയാണ്. അങ്ങനെ ദൈവത്തെ കൂട്ടുപിടിച്ചാൽ കാര്യങ്ങൾ ഓരോന്നും സുഗമമാകുമെന്നും ഓരോന്നും നമ്മുടെ ജീവിതത്തിൽ സുന്ദരമാകുമെന്നും മാർപാപ്പ പഠിപ്പിക്കുന്നു.

പരിശുദ്ധ കുർബ്ബാനയിലൂടെയും, ജപമാലയിലൂടെയും മറ്റ് ഭക്തഭ്യാസങ്ങളിലൂടെയും ക്രിസ്തു ശിഷ്യൻ ദൈവത്തെ കണ്ടുമുട്ടാനും, ക്രിസ്തുവിന്റെ ചൈതന്യം ഹൃദയത്തിൽ പേറുവാനും സാധിക്കണം. അതുകൊണ്ടാണ് പാറമടയിൽ നിന്ന് കാരോൾ വേയ്റ്റിവ പത്രോസിന്റെ സിംഹാസനത്തിലേക്ക് എടുത്ത് ഉയിർത്തപ്പെട്ടിട്ടും പരിശുദ്ധ കുർബ്ബാനയുടെയും, ജപമാലയുടെയും ഭക്തനായി, വിശ്വാസിയായി, മാതൃകയായി അദ്ദേഹം ജനമനസുകളെ കീഴടക്കിയത്.

ലോകത്തിന്റെ പ്രകാശമായി, ഭൂമിയുടെ ഉപ്പായി, ക്രിസ്തു ശിഷ്യൻ പരിണമിക്കുമ്പോൾ എവിടെയും ഒരുമയുടെ മനോഭാവമാണ്. കാരണം അവൻ നിരന്തരം കണ്ടുമുട്ടുന്നത് ക്രിസ്തുവിനെയാണ്. ക്രിസ്തീയ ചൈതന്യത്തെയാണ് നിരന്തരം പ്രകാശിപ്പിക്കുന്നതും. ഈ ലോകത്തെ പ്രകാശഗോളമാക്കി മാറ്റാൻ അദ്ദേഹം പരിശ്രമിച്ചു. അദ്ദേഹം നൽകിയ സഭാപഠനങ്ങൾ ഓരോന്നും കരുത്തുള്ളവയായിരുന്നു.

നമുക്കും ഈ പുണ്യ പിതാവിന്റെ ചരമവാർഷികദിനത്തിൽ സഭയോട് കൂറുള്ളവരായി, സഭാ മക്കളെ മുഴുവൻ പുതിയ ചക്രവാളത്തിലേക്ക് കൈ പിടിച്ചുയുർത്തുന്നവരായി മാറാം. ക്രിസ്തീയ വിശ്വാസ തെളിമയിൽ ജീവിക്കാം. അതിനായി സർവ്വശക്തനായ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

**✠ ജോൺ തട്ടുങ്കൽ**







**പത്രാധിപക്കുറിപ്പ്**

# 'Caritas in Veritate'

മനുഷ്യമനസുകൾ സത്യത്തിനായി ദാഹിക്കുന്നു, സ്നേഹത്തിനായി കൊതിക്കുന്നു. 'എന്താണു സത്യം?' അവന്റെ ബുദ്ധികൊണ്ട് മനസിലാക്കാൻ സാധിക്കുന്ന സത്യം. 'എന്താണു സ്നേഹം?' അവന്റെ ഹൃദയം കൊണ്ട് തൊട്ടറിയാവുന്ന സ്നേഹം. ബുദ്ധിയുടെയും, ഹൃദയത്തിന്റേയും തീവ്രമായ ഈ രണ്ടു ഭാവങ്ങളെക്കുറിച്ചാണ് പരി. പിതാവ് ബനഡിക്റ്റ് 16-ാമൻ പുതിയ ചാക്രിക ലേഖനത്തിൽ ആഗോള സഭയെ പഠിപ്പിക്കാൻ ഒരുങ്ങുന്നത്.

സ്നേഹത്തിലൂന്നിയ ജീവിതമാണ് സത്യം. ആ സത്യം ഉത്ഥാനം ചെയ്യുന്ന സത്യമാണ്. എത്രമാത്രം ഒളിപ്പിച്ചാലും, നുണകൾ പെരുപ്പിച്ചാലും, സത്യം ഒരിക്കൽ പുറത്തുവരും. നുണകൾ നുണകളായിരുന്നെന്ന് ഒരിക്കൽ തിരിച്ചറിയപ്പെടും. കാർമേഘപാളികൾക്കുള്ളിലെ സൂര്യനെപ്പോലെയാണ് സത്യം. ആ സൂര്യൻ തീർച്ചയായും ഒരിക്കൽ കത്തി ജ്വലിച്ചുകൊണ്ട് തെളിഞ്ഞു വരും. അവൻ ഉയിർത്തെഴുന്നേറ്റു - നമ്മൾ ഉയിർത്തെഴുന്നേൽക്കും. 'ഞാനാണു സത്യം' എന്നരുളിച്ചെയ്ത യേശുവിന്റെ പൊരുൾ തേടി ഇനി ആരും ഹിമാലയസാനുക്കളിൽ അലയേണ്ട, ഉപവാസത്താൽ പട്ടിണിക്കോലങ്ങൾ ആകുകയും വേണ്ട. ക്രിസ്തുവിന്റെ കുരിശിനെ ഒന്നു ചുംബിച്ചാൽ മാത്രം മതി. ആ കുരിശൊന്നു പുൽകിയാൽ മാത്രം മതി. മണ്ണോളം താഴ്ത്തപ്പെട്ടാൽ, വിണ്ണോളം ഉയർത്തപ്പെടും, സഹനത്തിന്റെ കയ്പുനീരു കുടിച്ചാൽ നിത്യജീവന്റെ പുതുവീഞ്ഞു ലഭിക്കും, ഇതാണ് യഥാർത്ഥ സത്യം - ആ സത്യം സ്നേഹത്തിൽ അടിയുറച്ചതാണ് - ആ സ്നേഹമാണ് ദൈവീകസ്നേഹം. ആ സ്നേഹം ലോകത്തിന്റെ, സ്വാർത്ഥതയുടെ, അംഗീകാരത്തിന്റെ, പണത്തിന്റെ, അധികാരത്തിന്റെ സ്നേഹമല്ല - ആ സ്നേഹം സർവ്വവും സഹിക്കുന്ന, ത്യജിക്കുന്ന സ്നേഹമാണ്. തിന്മയുടെ എല്ലാ ശവക്കല്ലറകളും തകർത്തെറിഞ്ഞ് ഉത്ഥാനത്തിന്റെ പുതിയ പറുദീസയിലേക്ക് മിഴി തുറക്കുന്ന സ്നേഹം. പഴമയുടെ കബറിടങ്ങളെ തച്ചുടച്ച് - ഭൗമീക സ്നേഹത്തെ സ്വർഗ്ഗീയ സ്നേഹമാക്കുന്ന ശാശ്വത സത്യമാവട്ടെ നമ്മുടെ ജീവിതം. ജീവിതദുഃഖത്തിന്റെ നെരിപ്പോടുകളിൽ വെന്തുരുകുന്ന മനുഷ്യന് സത്യത്തിലൂടെ, സ്നേഹത്തിലൂടെ ചിറകുകൾ വിരിച്ച് പറന്നുയരാൻ കഴിയട്ടെ.

**എഡിറ്റർ**

# ബൈബിൾ ആനിമേറ്റേഴ്സ് ക്യാമ്പ്

**ദൈ**വവചന വർഷം പ്രമാണിച്ച് കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ പി.ഒ.സി.യിൽ വെച്ച് അഞ്ച് ദിവസത്തെ റെസിഡൻഷ്യൽ ബൈബിൾ ആനിമേറ്റേഴ്സ് ക്യാമ്പ് നടത്തപ്പെടുന്നു.

**സമയം :** 2008 മെയ് 5-ാം തിയതി തിങ്കളാഴ്ച രാവിലെ 9.30ന് ആരംഭിച്ച് മെയ് 9-ാം തിയതി വെള്ളിയാഴ്ച ഉച്ചയ്ക്ക് 2.00 ന് അവസാനിക്കുന്നു. ക്യാമ്പിന്റെ സമാപനദിവസം പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതുമാണ്.

**വിഷയങ്ങൾ :** സഭാ ജീവിതത്തിൽ ദൈവവചനത്തിന്റെ പങ്കും ദൈവവചന വർഷവും, ഉൽപത്തി - ഒരു സമഗ്രപഠനം, എഫേസോസുകാർക്കെഴുതിയ ലേഖനം ഒരു പഠനം, സാമൂഹ്യ തിന്മയ്ക്കെതിരെയുള്ള പോരാട്ടത്തിൽ ദൈവവചനത്തിന്റെ പരിവർത്തനശക്തി, ദൈവവചന പ്രഘോഷണത്തിനിടയിലെ വികലമായ നീക്കങ്ങൾ, മാധ്യമങ്ങൾ - ദൈവവചനത്തിന്റെ ഫലപ്രദമായ വിനിമയത്തിന് ആധുനിക മാർഗ്ഗങ്ങൾ, ദൈവവചനജീവിതവും പ്രഘോഷണവും, ദൈവവചനം സ്വാധീനിച്ച വ്യക്തികൾ, കൂദാശകൾ - ദൈവവചനത്തിലെ ഊർജ്ജദായകശക്തിയുടെ ഫലപ്രദമായ ചാനലുകൾ, ദിവ്യവായന - ദൈവവചനത്തിന്റെ ഭക്തിസമന്വിത വായനയുടെ മാർഗ്ഗം, ദൈവവചനം നീതിയുടെയും സമാധാനത്തിന്റെയും ഉറവിടം.

**പങ്കെടുക്കുന്നവർ :** ബഹു. അത്മായസഹോദരങ്ങളേയും സിസ്റ്റേഴ്സിനേയും ഉദ്ദേശിച്ച് സംഘടിപ്പിച്ചിരുക്കുന്ന ഈ ക്യാമ്പിലേക്ക് രൂപതാ, ഫെറോന ബൈബിൾ അപ്പോസ്തലേറ്റ് പ്രതിനിധികൾ, ബി.സി.സി. (കുടുംബ കൂട്ടായ്മ) പ്രവർത്തകർ, മതാദ്ധ്യാപകർ, സംഘടനാ ഭാരവാഹികൾ എന്നിവർക്കും ബൈബിൾ പഠിക്കുവാൻ താല്പര്യമുള്ള ഏവർക്കും സ്വാഗതം. പങ്കെടുക്കുവാൻ ആഗ്രഹമുള്ളവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. സീറ്റുകൾ 70 പേർക്കു മാത്രം. റജി. ഫീസ് 50/- ക്യാമ്പ് ഫീസ് 250/- രൂപ. അഡ്മിഷന് എഴുതുക. **സെക്രട്ടറി, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ, പി.ഒ.സി., പാലാരിവട്ടം, കൊച്ചി - 682 025, ഫോൺ : 0484 - 2805897, 2805722.**

**റവ. ഫാ. സൈറസ് വേലംപറമ്പിൽ**
സെക്രട്ടറി, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ





# "മതബോധനകേന്ദ്രത്തിൽനിന്നും സ്നേഹാശംസകൾ"

**ബ**ഹു. മാർട്ടിൻ മട്ടമ്മലച്ചന്റെ നേതൃത്വത്തിൽ മതബോധന പ്രവർത്തനങ്ങൾക്ക് നിങ്ങൾ നൽകിയ സഹകരണത്തിന് ഹൃദയം നിറഞ്ഞ നന്ദി. 02.03.2008 മുതൽ അഭിവന്ദ്യ പിതാവ് ഈ സുപ്രധാനദൗത്യം എന്നെ ഏൽപ്പിച്ചിരിക്കയാണ്. രൂപതാ മതബോധന ഡയറക്ടർ എന്ന നിലയിൽ ഇനിയുള്ള മതബോധന പ്രവർത്തനങ്ങളിൽ നിങ്ങളുടെ ആത്മാർത്ഥമായ സഹകരണം ഞാൻ അഭ്യർത്ഥിക്കുന്നു.

24.02.2008-ൽ ചേർന്ന ഡയറക്ടർമാരുടെയും ഹെഡ്മാസ്റ്റർമാരുടെയും സെക്രട്ടറിമാരുടെയും യോഗത്തിൽ നിശ്ചയിച്ചതുപോലെ Intensive Training Course മേയ് 18 മുതൽ 22 വരെ ആൽഫാ പാസ്റ്ററൽ സെന്ററിൽ താമസിച്ചുകൊണ്ടു നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. മതബോധനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഇതുവരെ Intensive Training Course ൽ പങ്കെടുത്തിട്ടില്ലാത്ത 3 മതാദ്ധ്യാപകരെ തെരഞ്ഞെടുത്ത് ഇതിനായി അയക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഒരാൾക്ക് 100 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. പങ്കെടുക്കുന്നവരുടെ പേരുകൾ മേയ് 4നു മുമ്പായി മതബോധനകേന്ദ്രത്തിൽ രജിസ്റ്റർ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. അകമഴിഞ്ഞ സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

ക്രിസ്തുവിൽ സ്നേഹപൂർവ്വം,

**ഫാ. ഫ്രാൻസിസ് കുരിശിങ്കൽ**
ഡയറക്ടർ

# കൊച്ചി രൂപത പാസ്റ്ററൽ കൗൺസിൽ

നമ്മുടെ രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ കാലാവധി തീർന്നതിനെത്തുടർന്ന് പുതിയ കൗൺസിൽ രൂപീകരിക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകാൻ അഭിവന്ദ്യ പിതാവ് ആവശ്യപ്പെട്ടിരിക്കുകയാണ്.

ഇതോടൊപ്പം അയയ്ക്കുന്ന നിയമാവലിയുടെ പ്രസക്ത ഭാഗത്തിൽ തിരഞ്ഞെടുക്കപ്പെടേണ്ടവരെക്കുറിച്ചു പറയുന്ന B വിഭാഗം ശ്രദ്ധിക്കുക. അങ്ങ് സത്വരനടപടിയെടുക്കേണ്ട നമ്പറുകൾ പ്രത്യേകം മാർക്ക് ചെയ്തിട്ടുണ്ട്. മെയ് 20നു മുമ്പ് തിരഞ്ഞെടുക്കപ്പെട്ടവരുടെ പേരുവിവരം കൂരിയായിൽ എത്തിച്ചു തരേണ്ടതാണ്. ആദ്യയോഗം ജൂൺ 22-ാം തിയതിയാണുദ്ദേശിക്കുന്നത്.

അങ്ങയുടെ വിലയേറി സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

സ്നേഹാദരവുകളോടെ,

**ഫാ. ആന്റണി തമ്പി തൈക്കൂട്ടത്തിൽ**
സെക്രട്ടറി, സി.ഡി.പി.സി.





### കൊച്ചി രൂപത പാസ്റ്ററൽ കൗൺസിൽ

# നിയമാവലി - പ്രസക്തഭാഗങ്ങൾ

## വകുപ്പ് 3 : ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും

"ദൈവജനത്തിന്റെ ജീവിതവും പ്രവർത്തനങ്ങളും കൂടുതൽ സുവിശേഷാത്മകമാക്കുന്നതിനുവേണ്ടി അജപാലക കർമ്മത്തെ സംബന്ധിച്ച എല്ലാ കാര്യങ്ങളെക്കുറിച്ചും പര്യാലോചിക്കുകയും പ്രായോഗിക നിർദ്ദേശങ്ങൾ നൽകുകയുമാണ് പാസ്റ്ററൽ കൗൺസിലിന്റെ ഉദ്ദേശം" (കാനോൻ 511).

## വകുപ്പ് 4 : അംഗത്വം

രൂപതയുടെ മൊത്തം പ്രാതിനിധ്യം പ്രതിഫലിപ്പിക്കുന്ന വിധത്തിലായിരിക്കണം പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടത്.

അംഗങ്ങൾ അടിയുറച്ച വിശ്വാസവും ഉയർന്ന സാന്മാർഗിക നിലവാരവും വിവേകവുമുള്ളവരായിരിക്കണമെന്ന് 512-ാം കാനോൻ നിയമം നിഷ്കർഷിക്കുന്നു.

ദൈവജനത്തിന്റെ കൂട്ടായ ഉത്തരവാദിത്വത്തിന്റെ പ്രതീകമാണ് ഈ കൗൺസിൽ എന്ന ബോധ്യം അംഗങ്ങൾക്കുണ്ടായിരിക്കണം. രൂപതയിലെ അജപാലന പ്രവർത്തനങ്ങളിലുള്ള സഹകരണവും ഭാഗഭാഗിത്വവും വഴിയാണ് പ്രസ്തുത കൂട്ടുത്തരവാദിത്വം തെളിയിക്കപ്പെടേണ്ടത്.

ഔദ്യോഗികാംഗങ്ങൾ, തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ, നിയമിതാംഗങ്ങൾ എന്നിങ്ങനെ മൂന്നുതരം അംഗങ്ങളാണുണ്ടായിരിക്കുക.

### A. ഔദ്യോഗികാംഗങ്ങൾ

1. മെത്രാൻ
2. വികാരി ജനറൽ
3. ചാൻസലർ
4. ഫിനാൻഷ്യൽ അഡ്മിനിസ്ട്രേറ്റർ (പ്രൊക്കുറേറ്റർ)

5. രൂപതാ ആലോചനാസമിതി അംഗങ്ങൾ
6. മൈനർ സെമിനാരി റെക്ടർ
7. രൂപതാ ബോർഡുകളുടെ ചെയർമാന്മാർ
8. വൈദിക സെനറ്റ് സെക്രട്ടറി
9. രൂപതാ കമ്മീഷനുകളുടെ കൺവീനർമാർ
10. രൂപതയിലെ ഫൊറോന വികാരിമാർ
11. പ്രീസ്റ്റ്സ് മ്യൂച്ചൽ ബെനഫിറ്റ് ഫണ്ട് പ്രസിഡണ്ട്
12. രൂപതാ കോർപ്പറേറ്റ് എജുക്കേഷനൽ ഏജൻസി മാനേജർ
13. രൂപതാ റെഗുലർ കോളേജുകളുടെ മാനേജർമാർ
14. രൂപതാ ബുള്ളറ്റിൻ ചീഫ് എഡിറ്റർ
15. രൂപതാ മദ്യവർജ്ജന സമിതി ഡയറക്ടർ
16. താഴെ പറയുന്ന സംഘടനകളുടെ രൂപതാ പ്രസിഡണ്ടുമാർ

a. കാത്തലിക് അസോസിയേഷൻ
b. കേരള കാത്തലിക് യൂത്ത് മൂവ്മെന്റ്
c. സെന്റ് വിൻസെന്റ് ഡി പോൾ സംഘടന
d. ലീജിയൻ ഓഫ് മേരി
e. ക്രിസ്റ്റ്യൻ ലൈഫ് കമ്യൂണിറ്റീസ് (സൊഡാലിറ്റി)
f. ഫ്രാൻസിസ്കൻ അല്മായ സഭ
g. കെ.സി.എസ്.എൽ
h. ചെറുപുഷ്പ മിഷൻ ലീഗ്

(അഭിവന്ദ്യ പിതാവിന്റെ ഉത്തരവുപ്രകാരം പുതുതായി ചേർത്തിട്ടുള്ളത്)

i. ഫാമിലി യൂണിറ്റ് രൂപതാ സെൻട്രൽ കമ്മിറ്റി
j. കരിസ്മാറ്റിക് പ്രസ്ഥാനം
k. ജീസസ്സ് യൂത്ത്
l. ക്രിസ്റ്റീൻ
m. ലിറ്റിൽ വേ അസോസിയേഷൻ
n. കോൾപിംഗ് ഇൻഡ്യാ ട്രസ്റ്റ്
o. കേരള നിർമ്മാണ തൊഴിലാളി സ്വാശ്രയ സംഘം
p. കേരള യൂണൈറ്റഡ് ഫിഷ് വർക്കേഴ്സ് ഫോറം
q. WIDS
r. കെ.എൽ.എം.
s. സമുദായ കാര്യാലയം





## B. തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

1. ഓരോ ഇടവകയിലെയും പാസ്റ്ററൽ കൗൺസിൽ നിർദ്ദേശിക്കുന്ന അല്മായനായ ഒരു ഇടവക പ്രതിനിധിവീതം (പാസ്റ്ററൽ കൗൺസിലിൽ അംഗമല്ലാത്ത വ്യക്തിയേയും ഇടവക പ്രതിനിധിയായി നിർദ്ദേശിക്കാവുന്നതാണ്.)
2. വൈദിക സന്യാസ സഭകളുടെ സുപ്പീരിയർമാർ തിരഞ്ഞെടുക്കുന്ന രണ്ട് സുപ്പീരിയർമാർ
3. സന്യാസിനീസഭകളുടെ സുപ്പീരിയർമാർ തിരഞ്ഞെടുക്കുന്ന മൂന്നു സുപ്പീരിയർമാർ
4. സഹോദര സന്യാസ സഭകളുടെ സുപ്പീരിയർമാർ തിരഞ്ഞെടുക്കുന്ന ഒരു പ്രതിനിധി
5. രൂപതയിൽ പ്രവർത്തിക്കുന്ന സഹവികാരിമാരുടെ ഒരു പ്രതിനിധി
6. രൂപതയിലെ കോളേജ് പ്രിൻസിപ്പൽമാർ തിരഞ്ഞെടുക്കുന്ന ഒരു പ്രതിനിധി. ഇദ്ദേഹം രൂപതാംഗമായിരിക്കണം
7. മതബോധന പ്രവർത്തകരുടെ രണ്ടു പ്രതിനിധികൾ
8. കൊച്ചി രൂപത കോർപ്പറേറ്റ് മാനേജുമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ക്കൂളുകളിലെ കത്തോലിക്കരായ പ്രധാനാധ്യാപകർ തിരഞ്ഞെടുക്കുന്ന രൂപതാംഗമായ ഒരു അധ്യാപക പ്രതിനിധി
9. രൂപതയിലെ മേജർ സെമിനാരി വിദ്യാർത്ഥികൾ മൈനർ സെമിനാരി റെക്ടറുടെ അധ്യക്ഷതയിൽ സമ്മേളിച്ച് തങ്ങളിൽനിന്ന് തിരഞ്ഞെടുക്കുന്ന ഒരു പ്രതിനിധി
10. ഓരോ ഫൊറോനയിലെയും പള്ളി ശുശ്രൂഷകരുടെ ഒരു പ്രതിനിധിയും കൈക്കാരന്മാരുടെ ഒരു പ്രതിനിധിയും

## C. നിയമിതാംഗങ്ങൾ

1. അഭിവന്ദ്യ മെത്രാന് ആവശ്യമെന്ന് തോന്നുന്നപക്ഷം അംഗങ്ങളെ നിയമിക്കാവുന്നതാണ്. എന്നാൽ നിയമിതാംഗങ്ങളുടെ എണ്ണം ആകെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ എണ്ണത്തിന്റെ പകുതിയിൽ കൂടാൻ പാടില്ല.
2. രൂപതയിലെ ഡോക്ടർമാർ, അഭിഭാഷകർ, എൻജിനീയർമാർ, രാഷ്ട്രീയ പ്രവർത്തകർ, സർക്കാർ ഉദ്യോഗസ്ഥർ, ബാങ്ക് മാനേജർമാർ, ബിസിനസ്സുകാർ, കാലകാരന്മാർ പത്ര പ്രവർത്തകർ, എന്നിവരുടെ ഓരോ പ്രതിനിധി.

## കുമ്പളങ്ങി വടക്കുംഭാഗം

# വിശുദ്ധ യൗസേപ്പിതാവിന്റെ പള്ളി ലഘുചരിത്രം

ഫാ. ആന്റണി കാട്ടിപ്പറമ്പിൽ



**വേ**മ്പനാട്ടു കായൽ വെച്ച തുരുത്തുകളിൽ ഒന്നായ കുമ്പളങ്ങിയിൽ ജനവാസം എന്നു മുതലുണ്ടായി എന്നതിന് രേഖകളൊന്നുമില്ല. എങ്കിലും പോർച്ചുഗീസ് ആധിപത്യത്തിനു മുമ്പ് നമ്പൂതിരിമാരും ക്രിസ്ത്യാനികളും ഈഴവരും പുലയരും ഇവിടെ ജീവിച്ചിരുന്നുവെന്നതിനുള്ള തെളിവുകളുണ്ട്. കൊച്ചിയിൽ, പോർച്ചുഗീസുകാരും സാമൂതിരിയുമായി ഏറ്റുമുട്ടലുകൾ ഉണ്ടായപ്പോൾ രാജ്യരഹസ്യങ്ങൾ സാമൂതിരിക്കു കൈമാറിയ നമ്പൂതിരിമാർ പോർച്ചുഗീസുകാരുടെ അപ്രീതിക്കു പാത്രമായതു കാരണം ചിലർ കിഴക്കോട്ടു രക്ഷപെടുകയും മറ്റു ചിലർ "മാർഗം" സ്വീകരിച്ചു ക്രിസ്ത്യാനികളാകുകയും ചെയ്തു. കുമ്പളങ്ങിയിലും അങ്ങിനെ സംഭവിച്ചിട്ടുണ്ടെന്നു വേണം കരുതുവാൻ. മേലിൽ അങ്ങിനെ സംഭവിക്കാതിരിക്കാൻ മറ്റു പലയിടങ്ങളിലുമെന്നപോലെ ക്രിസ്ത്യൻ യോദ്ധാക്കളെ കുമ്പളങ്ങിയിലും താമസിപ്പിക്കുകയും നമ്പൂതിരിമാരുടെ ജന്മവസ്തുക്കൾ ജന്മമായി തന്നെ അവർക്കു നൽകുക യും ചെയ്തു.

പോർച്ചുഗീസ് ആധിപത്യത്തിനുമുമ്പ് കേരളത്തിലെ ക്രിസ്ത്യാനികൾ പോർഷ്യൻ സഭയുടെ ബാബിലോണിലെ പാത്രിയാർക്കീസിന്റെ അധീനതയിൽ ആയിരുന്നു. പോർച്ചുഗീസുകാർ ഇവിടെ വരിക യും രാഷ്ട്രീയസ്വാധീനം ഉറപ്പിക്കുകയും ചെയ്തതോടെ കേരളസഭയെ റോമൻ ആധിപത്യത്തിലേക്കു കൊണ്ടുവരുവാൻ ശ്രമങ്ങളുണ്ടായി. 1599ൽ കൊച്ചിയിലെത്തിയ 'ഡോം അലക്സീസ് ഡിമെനെസസ്' എന്ന പ്രസിദ്ധനായ





ഗോവൻ ആർച്ച് ബിഷപ്പാണ് ഇതിനുവേണ്ടി ഏറെ പരിശ്രമിച്ചതും വിജയിപ്പിച്ചതും.

മധ്യകാലത്ത് കേരളത്തിലെത്തിയ ലത്തീൻ മിഷണറിമാർ ആരാധനയ്ക്ക് ലത്തീൻ ഭാഷ നടപ്പാക്കി. പോർച്ചുഗീസുകാരുടെ സഹകരണവും സെന്റ് ഫ്രാൻസീസ് സേവ്യറിന്റെ പ്രവർത്തനവും ഉദയംപേരൂർ സുനോഹദോസും കേരള സഭയെ ലത്തീൻ സഭയാക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു. 17-ാം നൂറ്റാണ്ടിൽ പോർച്ചുഗീസുകാരെ തോൽപ്പിച്ച് ഡച്ചുകാർ ആധിപത്യം നേടിയപ്പോഴും 19-ാം നൂറ്റാണ്ടിൽ ബ്രിട്ടീഷുകാർ ആധിപത്യം നേടിയപ്പോഴും കേരളത്തിലെ ക്രൈസ്തവ സഭയ്ക്ക് പല പരിവർത്തനങ്ങളുമുണ്ടായി. വൈദേശിക ശക്തികളുടെ സ്വാധീനത്തിനു വഴങ്ങി കേരളസഭ പല ശാഖകളായി പിരിഞ്ഞു.

1808-ൽ പാലിയത്തച്ചനും വേലുത്തമ്പിദളവയും ബ്രിട്ടീഷുകാർക്കെതിരെ ഉണ്ടാക്കിയ കലാപം ക്രിസ്ത്യാനികൾക്കെതിരെ തിരിഞ്ഞതിനാൽ കുമ്പളങ്ങിയിലും പരിസരപ്രദേശങ്ങളിലുമായി അനേകായിരം ജനങ്ങൾ വധിക്കപ്പെട്ടു. "തീവെട്ടികൊള്ളക്കാർ" എന്ന പേരിലറി യപ്പെട്ടിരുന്ന ഈ അക്രമികളിൽനിന്നും രക്ഷനേടാനായി മരത്തിൽ മനോഹരമായ കൊത്തുപണികളുള്ള നിരയും അറയും നിലവറയുമുള്ള വീടുകൾ കുമ്പളങ്ങിയിലെ ക്രിസ്ത്യാനികൾക്കുണ്ടായിരുന്നു. അവയിൽ ചിലത് ഇന്നും ബാക്കിയുണ്ട്. അത്തരം വീടുകളിൽ നിധിശേഖരവും ഉണ്ടായിരുന്നുവത്രെ.

പണ്ട് കൂദാശകർമ്മങ്ങൾക്ക് കുമ്പളങ്ങിയിലെ ക്രിസ്ത്യാനികൾ ആശ്രയിച്ചിരുന്നത് ഇടക്കൊച്ചി സെന്റ് ലോറൻസ് പള്ളിയെയായിരുന്നു. പഴങ്ങാടും ചക്യാമുറിയിലും പുതിയ ആരാധനാലയങ്ങൾ ഉണ്ടായിരുന്നിട്ടും 75 വർഷം മുമ്പുവരെ കുമ്പളങ്ങിയുടെ വടക്കേയറ്റത്തുള്ളവർ ഇടക്കൊച്ചി സെന്റ് ലോറൻസ് പള്ളിയിലും പെരുമ്പടപ്പു സാന്റാക്രൂസ് പള്ളിയിലുമാണ് പോയിക്കൊണ്ടിരുന്നത്. (ഇന്നു 75 വയസിൽ കൂടുതൽ പ്രായമുള്ള കുമ്പളങ്ങി വടക്കേയറ്റത്തുള്ളവരുടെ ജനനത്തീയ തികൾ മേൽ പറഞ്ഞ പള്ളികളിലാണ്.

ഏകദേശം 110 വർഷം മുമ്പ് ഇപ്പോൾ സ്കൂൾ ഇരിക്കുന്ന സ്ഥലം ഇടപ്പറമ്പ് എന്നറിയപ്പെട്ടിരുന്നു. അവിടെ താമസിച്ചിരുന്ന കാരപ്പറമ്പിലാശാൻ എന്നറി യപ്പെട്ട തത്തംമംഗലത്ത് കൊച്ചു പൈലിയാശാൻ വീടിനടുത്തുണ്ടായിരുന്ന ഓലപ്പുരയിൽ നടത്തിയിരുന്ന നിലത്തെഴുത്തുകളരിയുടെ മധ്യസ്ഥനായി വിശുദ്ധ യൗസേപ്പിതാവിന്റെ ചിത്രം വെച്ച് വണങ്ങിയിരുന്നു. ക്രമേണ നിന്നുപോയ കളരി ആദ്യം വണക്കമാസപ്പുരയായും പിന്നീട് പ്രാർത്ഥനകളും തിരുക്കർമ്മങ്ങളും മറ്റും നടത്തുന്ന കുരിശു പള്ളിയായും മാറി. കുരിശുപുരയിൽ പ്രതിഷ്ഠിച്ചിരുന്ന വിശുദ്ധ നോടു പ്രാർത്ഥിച്ചതുകൊണ്ട് അനേകർക്കു അനുഗ്രഹങ്ങൾ ലഭിക്കുകയും രോഗപീഡകൾ മാറുകയും ചെയ്തു. ചിത്തഭ്രമം പിടിപെട്ട് അവശനിലയിലായ പൊൻവേലിൽ ഫ്ളോറൻസ് ശവരിയാരിന്റെ ബന്ധുക്കൾ വിശുദ്ധനോടു പ്രാർത്ഥിച്ച് രോഗം മാറിയതിന് നന്ദിയായി മരത്തിൽ തീർത്ത വിശുദ്ധ യൗസേപ്പി താവിന്റെ തിരുസ്വരൂപം സംഭാവന ചെയ്തു. ആ രൂപമാണ് അന്ന് മുതൽ വണങ്ങുന്നതും പ്രദിക്ഷണത്തിനുവേണ്ടി ഇന്ന് ഇറക്കുന്നതും. അക്കാലം മുതൽ പൊൻവേലി കുടുംബത്തിലെ കാരണവന്മാർ, യുവാക്കളോട് രൂപം ഇറങ്ങു മ്പോൾ അവകാശ പൂർവ്വം ജറോളയിൽ പിടിക്കാനും ഒപ്പം നടക്കാനും ആവശ്യ പ്പെടാറുണ്ടായിരുന്നു.

കുരിശുപുരയിൽ ആരാധനയ്ക്ക് എത്തുന്നവരുടെ എണ്ണം കൂടുകയും വിശുദ്ധന്റെ അനുഗ്രഹവർഷം പലർക്കും ലഭിക്കു കയും ചെയ്തതോടെ ദൈവാലയ നിർമ്മിതിക്കുള്ള ആഗ്രഹ വും ആവേശവും എല്ലാവരിലും വർദ്ധിക്കുകയുണ്ടായി, ഇതിനായി ഓരോ വീട്ടിൽ നിന്നും ആഴ്ചയിൽ ഒരു പിടി അരി വീതം ശേഖരിച്ച് ലേലം ചെയ്തു വിറ്റ സംഖ്യയും മറ്റു വിഹിതവും ചേർത്ത് കുരിശുപുര ഇരുന്നിരുന്ന സ്ഥലം തഴുപ്പിപ്പറമ്പിൽ വക്കോ കുഞ്ഞുണ്ണിയിൽനിന്നും തണ്ടാശ്ശേരിപറമ്പ് എന്നറിയ പ്പെട്ടിരുന്ന (തണ്ടാശ്ശേരിക്കാർ താമസിച്ചിരുന്ന) സ്ഥലം പള്ളുരുത്തി കിളിയാറ ബാപ്പുവിൽനിന്നും വാങ്ങി.





പള്ളിപണിക്കുള്ള ശ്രമങ്ങൾ പുരോഗമിക്കവെ വിശുദ്ധന്റെ കാണിക്കപ്പെട്ടിയിലുള്ള പണം പല ദിവസങ്ങളിലും മോഷണം പോകുക പതിവായി. പള്ളി പണിയുവാൻ മുമ്പിൽ നിന്നു ശ്രമിച്ചിരുന്ന ശ്രീ. ഇടക്കാട്ടു മീങ്കു ഒരു ദിവസം സന്ധ്യയ്ക്ക് അല്പം മദ്യപിച്ച് വിശുദ്ധന്റെ തിരുസ്വരൂപത്തിനു മുമ്പിൽ വന്ന് വികാരഭരിതനായി "തന്നെ ഞങ്ങൾ ഒരിരിപ്പിടത്തിൽ ഇരുത്താൻ ശ്രമിക്കുമ്പോൾ താൻ കള്ളന്മാർക്കു കൂട്ടുനിൽക്കയാണല്ലേ" എന്നു വഴക്കു പറഞ്ഞു. എന്നാൽ അത്ഭുതമെന്നു പറയട്ടെ അന്നു രാത്രി തന്നെ കള്ളനെ കയ്യോടെ പിടി കൂടുകയും ചെയ്തു. അന്നും അതിനുശേഷവും, വിശുദ്ധ യൗസേപ്പിതാവിനോടു മറുത്തു പ്രവർത്തിച്ചർക്കു കിട്ടിയ അനുഭവം നമുക്കൊക്കെ അറിയാവുന്നതാണല്ലോ.

നാട്ടുകാരുടെ അശ്രാന്ത പരിശ്രമത്തിന്റെ ഫലമായി പണിതീർത്ത് പള്ളി 1931 മാർച്ച് 19 ന് ഇടക്കൊച്ചി പള്ളി വികാരി യായിരുന്ന മോൺസിഞ്ഞോർ ലോറൻസ് പുളിയനത്ത് ആശീർ വദിക്കുകയും അന്നു മുതൽ തിരുക്കർമ്മങ്ങൾ ആരംഭിക്കുകയും ചെയ്തു. അന്നു മുതൽ സ്വതന്ത്ര ഇടവകയായി തീരുന്നതുവരെ തിരുനാൾ ആഘോഷങ്ങൾക്കും മറ്റു വിശേഷാവസരങ്ങളിലും മുഖ്യകാർമ്മികർ ഇടക്കൊച്ചി പള്ളിയിലെ വികാരിമാർ ആയിരുന്നു.

പള്ളി ആശീർവദിച്ചതോടൊപ്പം ദിവ്യാത്ഭുതവും സംഭവിച്ചു തുടങ്ങി. ഒരു മാലാഖ കാവൽ നിൽക്കേ ദിവ്യ ഉണ്ണി യോടൊപ്പം വിശുദ്ധ യൗസേപ്പും പരിശുദ്ധ കന്യകാമറിയവും പള്ളിക്കിണറ്റിൽ പ്രത്യക്ഷപ്പെട്ടു. പലപ്പോഴും ആവർത്തിച്ച ഈ അത്ഭുതത്തിനു സാക്ഷിയായത് പള്ളിയുടെ അടുത്തു താമസി ച്ചിരുന്ന കാരപ്പറമ്പിൽ കുടുംബാംഗമായ ഒരു അന്യ മതസ്ഥനാ യിരുന്നു. ഈ ദിവ്യാത്ഭുതദർശനം കാണുവാനും കിണറ്റിലെ തീർത്ഥജലം ശേഖരിക്കുവാനും വളരെ ദൂരസ്ഥലങ്ങളിൽ നിന്നു പോലും ആളുകൾ വരികയുണ്ടായി. തീർത്ഥജലം ശേഖരിക്കു ന്നതിനായി കാൽനടയായി കുമ്പളങ്ങിയിലേക്കു പോകുന്നവരുടെ സംസാരവും കുപ്പിയും പാട്ടയും കൂട്ടിമുട്ടുന്ന സ്വരവും കേട്ടാണ് തോപ്പുംപടിയിലെ റോഡരികിൽ താമസിച്ചിരുന്നവർ ഉറക്ക

മുണർന്നിരുന്നതെന്ന് ചിലർ പറഞ്ഞു കേട്ടിട്ടുണ്ട്. പള്ളിമുറ്റത്ത് താൽക്കാലികമായി കെട്ടിയുയർത്തിയ പന്തലിൽ കിടന്ന് അനേകർ തീർത്ഥജലലേപനം നടത്തി രോഗമുക്തി നേടിയിരുന്നു.

ഈ കാലത്ത് സുപ്രസിദ്ധ ഗായകൻ ശ്രീ. കെ.ജെ. യേശുദാസിന്റെ പിതാവായ ശ്രീ. അഗസ്റ്റിൻ ജോസഫി നാൽ, ഈ ദിവ്യാത്ഭുതദർശനങ്ങളെപ്പറ്റി രചിക്കപ്പെട്ട ഒരു കവിത ഗായക സംഘം പള്ളി മുറ്റത്തു വച്ചു പാടുക യും അതു പുസ്തകരൂപത്തിലാക്കി വിൽക്കുകയും ചെയ്തിരുന്നു. ദൈവസ്തുതികളോടെ ആരംഭിക്കുന്ന കവിതയിൽ പള്ളി പണിയെപ്പറ്റി പ്രതിപാദിക്കുന്ന ഭാഗം ഇങ്ങനെയാണ്:-

*"കുമ്പളങ്ങി ദേശമതിൽ വമ്പരായ ക്രിസ്തു ജനം*
*ഇമ്പമോടെ പള്ളിയൊന്നു വൻ പണി ചെയ്തു."*

ഇങ്ങനെ പണിതപള്ളിയിൽ വിശുദ്ധ യൗസേപ്പിനെ പ്രതിഷ്ഠിച്ചെന്നും നിത്യവും പ്രാർത്ഥിക്കുകയും ആരാധനകർമ്മങ്ങൾക്കു പങ്കെടുക്കുകയും ചെയ്തവർക്ക് വിശുദ്ധ യൗസേപ്പിതാവ് പ്രത്യക്ഷപ്പെട്ട് അനേകം അനുഗ്രഹങ്ങൾ നൽകിയെന്നും മറ്റും വിവരിക്കുന്ന പ്രസ്തുത ഗാനത്തിൽ പള്ളി മുറ്റത്തു നിരന്ന കച്ചവടക്കാരുടെയും വിഭവങ്ങളുടെയും വിവരണങ്ങളും ഉണ്ടായിരുന്നു (പ്രസ്തുത കവിതയുടെ ഗാനരൂപത്തിലുള്ള അല്പം ഭാഗം മാത്രമെ ഇപ്പോൾ ലഭ്യമുള്ളൂ).

പള്ളി പണിപൂർത്തിയായതോടെ രണ്ടാമതു വാങ്ങിയ തണ്ടാശ്ശേരിപ്പറമ്പിൽ അച്ചന്മാരുടെ താമസത്തിനുവേണ്ടി മനോഹരമായ ഒരു സൗധം പണിയുകയുണ്ടായി, അതിന്റെ കിഴക്കേഭാഗത്തായി സിമത്തേരി യും സ്ഥാപിച്ചു. എന്നും രാത്രി ജോലി കഴിഞ്ഞുപോകുമ്പോൾ വി. യൗസേപ്പിതാവിന്റെ ഗ്രോട്ടോയിൽ വിശുദ്ധനെ വണങ്ങി കാണിക്കയിടുമായിരുന്ന തണ്ടാശ്ശേരി വീട്ടിലെ ഒരു വ്യക്തി വിശുദ്ധനെ ചൂണ്ടി 'കാർന്നോരുഞങ്ങളുടെതാണ്' എന്ന് അഭിമാനപൂർവ്വം പറയുന്നത് പലപ്പോഴും ആളുകൾ കേട്ടിട്ടുണ്ട്.

1931ൽ ആശീർവദിക്കപ്പെട്ട പള്ളി 1967 ഒക്ടോബർ 15നാണ് സ്വതന്ത്ര ഇടവകപ്പള്ളിയായത്. ആദ്യത്തെ ഇടവക വികാരി





റവ. ഫാ. ജോൺ കോച്ചേരി ആയിരുന്നു. അന്ന് ഇടക്കൊച്ചി പള്ളിയിൽനിന്നും പൈതൃകാവകാശമായി ഇടവകയുടെ തെക്കുകിഴക്കേ ഭാഗത്ത് ലഭിച്ച 30 സെന്റോളം സ്ഥലം പിന്നീട് വിൽക്കുകയുണ്ടായി. 1965 നുശേഷം ജീർണ്ണാവസ്ഥയിലായ പള്ളിയുടെ പുനരുദ്ധാരണപ്രവർത്തനങ്ങൾ പലവട്ടം നടന്നു. കാലപ്പഴക്കം കൊണ്ടു ദുർബ്ബലാവസ്ഥയിലായ പള്ളിക്കുപകരം പുതിയ പള്ളി നിർമ്മിക്കണമെന്ന് റവ. മോൺ. ജോർജ്ജ് മാളാട്ടിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം തീരുമാനിച്ചതിനെ തുടർന്ന് മൂന്നു വർഷം ഓരോ വീട്ടുകാരിൽനിന്നും ആഴ്ചയിൽ 1 രൂപവീതം സംഭാവന പിരിച്ച തുകയും മറ്റിനത്തിൽ ലഭിച്ച തുകയുംകൊണ്ട് 1975 ൽ പണിയാരംഭിക്കുകയും പള്ളി 1977ൽ പൂർത്തിയാക്കുകയും ജോസഫ് കുരീത്തറ പിതാവ് ആശീർവദിക്കുകയും ചെയ്തു.

## നേർച്ച സദ്യ

1932 മുതൽ വിശുദ്ധ യൗസേപ്പിതാവിന്റെ മരണത്തിരുനാളായ മാർച്ച് 19ന് പള്ളിയിൽ നേർച്ചസദ്യ നടത്തിയിരുന്നു. മറ്റു സ്ഥലങ്ങളിൽ ഒരിടത്തും ഇത്തരം സദ്യയില്ലായിരുന്നതിനാൽ അനേകം പേർ സദ്യയുണ്ണാൻ എത്തിയിരുന്നു. അടുത്ത കാലംവരെ മാർച്ച് 19 ന് യൗസേപ്പിതാവിന്റെ കുമ്പളങ്ങിയിലെ പള്ളി അന്വേഷിച്ച് ദൂരസ്ഥലങ്ങളിൽനിന്നുപാലും ആളുകൾ എത്തിയിരുന്നു. 1932 മാർച്ച് 19 നു നടത്തിയ നേർച്ച സദ്യടിക്കറ്റിന്റെ ഒരു കോപ്പിയാണ് താഴെ കാണിച്ചിരിക്കുന്നത്.

പിന്നീട് എങ്ങിനെയോ നിന്നുപോയ നേർച്ചസദ്യ 1968ൽ പുനരാരംഭിച്ചതിനു നേതൃത്വം കൊടുത്തത് ശ്രീ. ഇ.പി. ജോൺ ആയിരുന്നു. പിന്നീട് 1988 മുതൽ നേർച്ചസദ്യ സൗജന്യമാക്കി.

## വിശുദ്ധവാര തിരുക്കർമ്മങ്ങൾ

1956ൽ പാസക് രൂപം കൊണ്ടുവന്നതു മുതൽ വിശുദ്ധ വാരതിരുക്കർമ്മങ്ങൾ നടന്നുവന്നു. നൂറുകണക്കിനു നിലവിളക്കുകൾ ഇപ്പോൾ കത്തുന്നുണ്ടെങ്കിലും വർഷങ്ങൾക്കുമുമ്പ്

പാസ്ക് രൂപത്തിനു മുമ്പിൽ ആദ്യമായി ഒരു നിലവിളക്കു തെളിച്ചത് ശ്രീ കാരപ്പറമ്പിൽ കരുണാകരനും ഭാര്യയും കൂടി യായിരുന്നു. മരിക്കുന്നതുവരെ ആ സദ്പ്രവൃത്തി അവർ ചെയ്തിരുന്നു.

## സെന്റ് ജോർജ്ജ് ഗ്രോട്ടോ

രണ്ടാം ലോകമഹായുദ്ധകാലത്ത് സൈന്യസേവനം നടത്തിയിരുന്നവരിൽ (ആസ്സാം പണിക്കാർ) എല്ലാവരും എല്ലാ വിധ അപകടങ്ങളിൽനിന്നും രോഗങ്ങളിൽനിന്നും രക്ഷപെട്ട് നാട്ടിൽ തിരിച്ചെത്തിയതിന്റെ കൃതജ്ഞതയായി നിർമ്മിച്ചു നൽകിയതാണ് പള്ളിയുടെ മുൻവശത്തുള്ള റോഡരികിലെ സെന്റ് ജോർജ്ജിന്റെ ഗ്രോട്ടോ. സിമന്റ് ചാന്ത് മുഴുവൻ ഭാഗത്ത് തേച്ച് ശില്പ ഭംഗിയോടെ പണിത ഗ്രോട്ടോ യുടെ ചുറ്റും ഉണ്ടായിരുന്ന മനോഹരമായ അരമതിൽ എന്തോ കാരണത്താൽ ചില കുബുദ്ധികർ ഏതാനും വർഷം മുമ്പ് നശിപ്പിച്ചുകളഞ്ഞു. ഏതാനും വർഷം മുമ്പുവരെ വിശുദ്ധ ജോർജ്ജിന്റെ തിരുനാൾ മൂന്നു ദിവസമായി ഇവിടെ നടത്തുമായിരുന്നു. 1981ൽ, റോഡിലൂടെ പോകുന്നവർക്കു വണങ്ങുവാനും പ്രാർത്ഥിക്കുവാനുമായി വിശുദ്ധ യൗസേപ്പിതാവിന്റെ ഗ്രോട്ടോയും സ്ഥാപിക്കയുണ്ടായി.

## സെന്റ് ജോസഫ്സ് എൽ.പി. സ്ക്കൂൾ

പള്ളിക്കൂടം പള്ളിയായതും, പള്ളി പള്ളിക്കൂട്ടടമായതും പള്ളിയും പള്ളിക്കൂടവും രണ്ടായതിന്റെയും ചരിത്രമാണ് സ്കൂളിന്റേത്. 1917 ൽ സ്ഥാപിതമായ ഈ വിദ്യാലയം തുടങ്ങാൻ പരിശ്രമിച്ചത് ശ്രീ. പഴേരിക്കൽ തൊമ്മൻ അന്തപ്പൻ എന്ന അന്തേ മാഷ് ആയിരുന്നു. എന്തോ ഒറ്റു കൊണ്ടാണെന്നു പറയപ്പെടുന്നു, അദ്ദേഹത്തിന് ഈ വിദ്യാലയത്തിലെ അംഗീകാരമുള്ള അധ്യാപകനുള്ള പെർമിറ്റ് കിട്ടിയില്ല. 1931–ൽ പള്ളി ആശീർവദി ച്ചതിനുശേഷവും പള്ളിയുടെ മോണ്ടളത്തിൽ ഒന്നും രണ്ടും ക്ലാസ്സിൽ പഠിച്ചവർ നമ്മുടെ ഇടയിലുണ്ട്. 1981ലാണ് ഈ സ്കൂൾ പൂർണ്ണമായും ഓടുമേഞ്ഞത്. നമ്മുടെ ഇടവകാതിർത്തിയിലുള്ള എല്ലാവരും ആദ്യാക്ഷരം കുറിച്ചത് ഈ സ്ഥാപനത്തിലാണ്.





പല ഉന്നതമേഖലകളിലും സേവനമനുഷ്ഠിച്ചവരും സേവനം അനുഷ്ഠിച്ചു കൊണ്ടിരിക്കുന്നവരും ഉണ്ടെങ്കിലും ഈ വിദ്യാലയം അവഗണനമൂലം നാശത്തോടടുത്തുകൊണ്ടിരിക്കുക യാണ്. സമൂഹത്തിന്റെ അടിയന്തിരശ്രദ്ധ പതിഞ്ഞില്ലെങ്കിൽ നമ്മുടെ കുട്ടികൾക്ക് സൗജന്യമായി പഠിക്കാനുള്ള അവസര മാകും നഷ്ടമാകുന്നത്.

## ആത്മകാര്യം വക വസ്തുക്കൾ

റവ. ഫാ. ജോൺ ഇടക്കാട്ടിന്റെ പേരിൽ ഏതാണ്ട് 50 സെന്റോളം തെങ്ങിൻ പറമ്പും ശ്രീ. പുരോത്ത് വർക്കിയുടെ പേരിൽ കുറെ നിലവും ചുറ്റുമുള്ള ചിറയും ആത്മകാര്യം വസ്തു ക്കളായി പള്ളിക്കുണ്ടായിരുന്നു. അതിൽ നിന്നും ലഭിക്കുന്ന ആദായത്തിൽ $^1/_3$ ഭാഗം പള്ളിക്കാര്യത്തിലേക്കും, ബാക്കി കൊണ്ട് രണ്ടു പേർക്കും ആണ്ടിൽ ഓരോ പാടുപൂജയും ഒരു പ്രാവശ്യം ദാനക്കഞ്ഞിയും കൊടുക്കണമെന്ന് വ്യവസ്ഥയുണ്ടാ യിരന്നു. പാടുപൂജ ഇപ്പോഴും കൃത്യമായി നടത്തിവരുന്നു.

## പാരീഷ് ഹാൾ

ബഹു. റാഫി കൂട്ടുങ്കലച്ചൻ വികാരിയായിരുന്ന കാലത്താ യിരുന്നു പള്ളിക്കു ഒരു പാരീഷ് ഹാൾ എന്ന ആശയം ഉടലെടു ത്തത്. തുടർന്ന് അച്ചനുശേഷം വികാരിയായി വന്ന ബഹു. ജോസഫ് വടക്കേവീട്ടിലച്ചന്റെ പരിശ്രമവും ഇടവക ജനങ്ങളുടെ അശ്രാന്ത പരിശ്രമവും ഇടവകയിലെ ഡിവൈൻ പ്രൊവിഡൻസ് സിസ്റ്റേഴ്സിന്റെയും ഡോ. എൻ.എ. ആന്റണി നെടുവേലി യുടെയും പ്രത്യേക സാമ്പത്തിക സഹായവും കൊണ്ടു പാരീഷ് ഹാളിന്റെ പണി പൂർത്തീകരിക്കുകയും 2002 മാർച്ച് 14–ാം തീയതി ആശീർവദിക്കുകയും ചെയ്തു. പള്ളി സെമിത്തേരി കല്ലറക ളായി കെട്ടിയതും ജോസഫ് വടക്കേവീട്ടിലച്ചന്റെ കാലത്തുത ന്നെയായിരുന്നു.

ഇടവകയുടെ ആദ്യപള്ളിയുടെ പ്ലാറ്റിനം ജൂബിലിയാ ഘോഷപരിപാടികൾ 2005 ജൂൺമാസം 5–ാം തീയതി അഭിവന്ദ്യ

ജോൺ തട്ടുങ്കൽ പിതാവ് ഉദ്ഘാടനം ചെയ്തു. 2006 മാർച്ച് 19 വരെയുള്ള ജൂബിലി വർഷത്തിൽ വിവിധങ്ങളായ പരിപാടികൾ ഇടവകയിൽ നടന്നു. ജൂബിലിയുടെ ഭാഗമായി പള്ളി അൾത്താരയുടെ ഇരുവശങ്ങളിലേക്കും വികസിപ്പിക്കപ്പെടുകയും അൾത്താര കൂടുതൽ വിസ്തൃതമാക്കുകയും ചെയ്തു. ജൂബിലി വർഷത്തെ തിരുനാൾ വാഴ്ച ദിവസം 75 പ്രസുദേന്തിമാർ വാഴിക്കപ്പെട്ടു. അങ്ങനെ ഒത്തിരിയേറെ പുതുമകളും അതിലേറെ വിശ്വാസ വളർച്ചയും ജൂബിലി വർഷത്തിൽ ജനങ്ങളിലുണ്ടായി.

## ഇടവക വികാരിമാർ

### ഇടക്കൊച്ചി ഇടവകയുടെ കീഴിൽ

| | | | | |
|---|---|---|---|---|
| 1. | റവ. ഫാ. | ജെയ്ക്കബ് ഡി റോസാരിയോ | ഇടക്കൊച്ചി വികാരി | 1934 ആഗസ്റ്റ് 15 |
| 2. | ,, | ഫിലിപ്പ് (സിറിയൻ) | ,, | 1939 ജൂലായ് 28 |
| 3. | ,, | കെ.വി. വിക്ടോറിനസ് | ,, | 1941 നവംബർ 15 |
| 4. | ,, | മാത്യു കോതകത്ത് | ,, | 1945 ആഗസ്റ്റ് |
| 5. | ,, | സോളമൻ ഡി സിൽവ | ,, | 1946 ജനുവരി 22 |
| 6. | ,, | മാത്യു കോതകത്ത് | ,, | 1947 ഫെബ്രുവരി |
| 7. | ,, | ആന്റണി റോസാരിയോ | ,, | 1948 ഫെബ്രുവരി 11 |
| 8. | ,, | ജെയ്ക്കബ് മാവുങ്കൽ | ,, | 1954 മാർച്ച് 8 |
| 9. | ,, | സേവ്യർ ശാസ്താംപുരയ്ക്കൽ | ,, | 1955 ഏപ്രിൽ 15 |
| 10. | ,, | ജോസഫ് പൂപ്പന | ,, | 1960 ഏപ്രിൽ 1 |
| 11. | ,, | സിപ്രിയൻ മുല്ലേപ്പറമ്പിൽ | ,, | 1964 മാർച്ച് |
| 12. | ,, | പോൾ കാട്ടിശ്ശേരി | ,, | 1965 ഫെബ്രുവരി 21 |
| 13. | ,, | ജോൺ കോച്ചേരി | ,, | 1967 ജൂലായ് 7 |

### സ്വതന്ത്ര ഇടവക

| | | | | |
|---|---|---|---|---|
| 14. | ,, | ജോൺ കോച്ചേരി | ആദ്യത്തെ വികാരി | 1967 ഒക്ടോബർ 15 |
| 15. | ,, | ജോർജ്ജ് മാളാട്ട് | വികാരി | 1970 ജൂൺ 17 |
| 16. | ,, | ജോൺ മണക്കാട്ട് | ,, | 1973 മാർച്ച് 28 |





| | | | | |
|---|---|---|---|---|
| 17. | ,, | ജെയ്ക്കബ് പീടിയേക്കൽ | ,, | 1977 ഏപ്രിൽ 12 |
| 18. | ,, | ജോസഫ് മുളക്കര | ,, | 1981 മാർച്ച് 23 |
| 19. | ,, | തോമസ് മണക്കാട്ട് | അഡ്മിനിസ്ട്രേറ്റർ | 1983 നവംബർ 26 |
| 20. | ,, | ജോസ് പൊള്ളയിൽ | വികാരി | 1984 ജനുവരി 4 |
| 21. | ,, | ജോസഫ് പയ്യപ്പിള്ളി OCD | ,, | 1984 ജൂലായ് 1 |
| 22. | ,, | ആന്റണി തച്ചാറ | ,, | 1985 ഫെബ്രുവരി 7 |
| 22. | ,, | റാഫി പരിയാത്തുശ്ശേരി | ,, | 1988 ഫെബ്രുവരി 17 |
| 23. | ,, | ആൻഡ്രൂസ് കാട്ടിപ്പറമ്പിൽ | ,, | 1993 ജനുവരി 17 |
| 25. | ,, | റാഫി കൂട്ടുങ്കൽ | ,, | 1998 മെയ് 17 |
| 26. | ,, | പീറ്റർ ചടയങ്ങാട് | ,, | 2000 മെയ് 28 |
| 27. | ,, | ജോസഫ് വടക്കേവീട്ടിൽ | ,, | 2000 ആഗസ്റ്റ് 15 |
| 28. | ,, | വിക്ടർ മാരാപ്പറമ്പിൽ | ,, | 2004 ജനുവരി 25 |
| 29. | ,, | സെബാസ്റ്റ്യൻ ഇരിയങ്ങലത്ത് | അസി. വികാരി | 2004 ജനുവരി 25 |
| 30. | ,, | ആന്റണി കാട്ടിപ്പറമ്പിൽ | ,, | 2005 ജനുവരി 30 |

## സമർപ്പിതർ

ഫാ. ജോയി ശാസ്താംപുരയ്ക്കൽ
ഫാ. പയസ്പഴേരിക്കൽ
ഫാ. ഡെൻസൺ ഒലിവർ
ഫാ. ജോണി കണ്ണികാട്ട്
ഫാ. ജോൺസൺ തൗണ്ടയിൽ
ഫാ. ലൈജു പുതുശ്ശേരി
ഫാ. സജി ബാവക്കാട്ട്
സി. ആൻ തെരേസ ശാസ്താംപുരയ്ക്കൽ
സി. എലിസബത്ത് മാർക്ക് ഇടക്കാട്ട്
സി. കരോളിൻ പഴേരിക്കൽ

സി. മേരി അറക്കപ്പറമ്പിൽ
സി. മാർഗ്രറ്റ് കണ്ണികാട്ട്
സി. ആനി കടവിപ്പറമ്പിൽ
സി. ജൂഡി കണ്ണികാട്ട്
സി. ഫിലോ കണ്ണികാട്ട്
സി. മേഴ്സി ജിഷ ഇടപ്പറമ്പിൽ
സി. സിൽവി പഴേരിക്കൽ
സി. മാർട്ടിന പുളിക്കൽ
സി. ജീന കണ്ണികാട്ട്
സി. മിനി ജോർജ്ജ് തറേപ്പറമ്പിൽ
സി. ജൂലിയറ്റ് പുതുശ്ശേരി
സി. ലീലാമ്മ
സി. മഞ്ജു കുപ്പകാട്ട്
സി. സുനിത കുറുന്തോടത്ത്
സി. മോളി പോൾ ഇടപ്പറമ്പിൽ
സി. എൽസി പുതുശ്ശേരി
സി. സുജ കരീത്തറ
സി. ഷെർജ കരീത്തറ
സി. മേരി സിന്ധു കുഴിവേലി
സി. വാലന്റീന കരിപ്പോട്ട്
സി. ഷാലി തോമസ് നെടുവേലി
സി. സിമി കാക്കത്തറ
സി. അർപ്പിത നെടുവേലി
സി. ഷൈജി കടവിപറമ്പിൽ

**ഇടവകയിലെ സംഘടനകൾ**

1. കോൾപിംഗ് ഇൻഡ്യ ട്രസ്റ്റ്
2. സെന്റ് ജോസഫ്സ് യൂണിറ്റ്
3. ലീജിയൻ ഓഫ് മേരി
4. കേരളാ കാത്തലിക് യൂത്ത് മൂവ്മെന്റ്
5. ഫ്രണ്ട്സ് ഓഫ് മദർ മിഷെൽ





6. മരിയൻ സൊഡാലിറ്റി
7. ജീസസ് യൂത്ത്
8. ക്രിസ്റ്റീൻ
9. സെന്റ് ജോസഫ്സ് ചാരിറ്റബിൾ ട്രസ്റ്റ്
10. വൈഡ്സ്
11. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി
    സെന്റ് മേരീസ് കോൺഫറൻസ്
12. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി
    സെന്റ് ജോസഫ്സ് കോൺഫറൻസ്
13. കേരളാ ലാറ്റിൻ കാത്തലിക് അസോസിയേഷൻ
14. സെന്റ് ജോസഫ്സ് ചർച്ച്
15. കരിസ്മാറ്റിക് പ്രാർത്ഥനാഗ്രൂപ്പ്
16. ഫ്രാൻസിസ്ക്കൻ
17. അൽമായസഭ

# രൂപതാ വാർത്തകൾ

## പെൻസ്റ്റേറ്റ് ചാൻസലർ സന്ദർശിച്ചു

ഫോർട്ടുകൊച്ചി : പെനിസിൽ വാനിയ യൂണിവേഴ്സിറ്റി ചാൻസലർ ഡോ. എമ്മാനുവേൽ ഒസാഗിയും ഭാര്യയും, ഫയറ്റ് എബർലി ക്യാംപസിലെ പ്രൊഫസറും കൊച്ചി അരമനയിലെത്തി അഭിവന്ദ്യ ജോൺ തട്ടുങ്കൽ പിതാവിനെ സന്ദർശിച്ചു. സംയുക്ത സംരഭങ്ങളുടെ സാദ്ധ്യതകളെക്കുറിച്ചായിരുന്നു സംഭാഷണങ്ങൾ.

## വനിതാ സംഗമം

തോപ്പുംപടി: കെ.എൽ.സി.എ.യുടെ ആഭിമുഖ്യത്തിൽ മാർച്ച് 25-ാം തിയതി കാത്തലിക് സെന്ററിൽ വച്ച് വനിതാ സംഗമം നടത്തി. സ്ത്രീശാക്തികരണത്തിന്റെ ഭാഗമായി സ്വതന്ത്ര സ്ത്രീകളുടെ സംഘടന രൂപീകരണത്തിന്റെ പ്രഥമ പടിയായിട്ടാണ് ഈ സംഗമത്തെ രൂപത നോക്കിക്കാണുന്നതെന്ന് പിതാവ് കെ.എൽ.സി.എ. ഭാരവാഹികളെ അറിയിച്ചു.

## ക്ഷയരോഗവിരുദ്ധ ദിനം ആചരിച്ചു :

തോപ്പുംപടി : മാർച്ച് 24-ാം തിയതി തീരദേശക്ഷയരോഗ നിവാരണ പദ്ധതിയുടെ ഭാഗമായി കരുവേലിപ്പടി ടി.ബി. സെന്ററിന്റേയും കൊച്ചി രൂപത കൾട്ടസിന്റെയും ആഭിമുഖ്യത്തിൽ പള്ളുരുത്തി സി.ഐ. സുനിൽകുമാർ റാലിയുടെ പതാക ഉയർത്തുകയും ഡോ. കെ.റ്റി. രമണി (ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസർ) യോഗത്തിന്റെ അദ്ധ്യക്ഷത വഹിക്കുകയും ശ്രീ. ഇബ്രാഹിംകുഞ്ഞ് എം.എൽ.എ. കാത്തലിക് സെന്ററിൽ വച്ചു നടത്തിയ യോഗം ഉദ്ഘാടനം ചെയ്യുകയും, റവ. ഫാ. ആന്റണി പുളിക്കൽ ക്ഷയരോഗ വിരുദ്ധ കർമ്മങ്ങൾക്ക് ആശംസകൾ അർപ്പിക്കുകയും ചെയ്തു.





## സി.എസ്.എസ്.എസ്. വാർത്തകൾ

ഫോർട്ടുകൊച്ചി: കൊച്ചിൻ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ SHGയുടെയും KUFFന്റേയും WIDSന്റേയും നേതൃത്വത്തിൽ മാർച്ച് 7, 8 തിയതികളിൽ വനിതാ ശാക്തീകരണ സെമിനാറുകൾ നടത്തപ്പെട്ടു. എഴുപുന്ന ഗ്രാമ പഞ്ചായത്ത് ഓഡിറ്റോറിയം, കുമ്പളങ്ങി സെന്റ് പീറ്റേഴ്സ് ഓഡിറ്റോറിയം, ഫോർട്ടുകൊച്ചി ജൂബിലി ഓഡിറ്റോറിയത്തിലും വച്ചു നടത്തപ്പെട്ട സെമിനാറുകളിൽ ശ്രീമതി. മാഗ്ദലിൻ പീറ്റർ (തീരദേശ മഹിളാവേദി പ്രസിഡന്റ്, തിരുവനന്തപുരം), ശ്രീ. നാഗരാജ് IPS (ആലപ്പുഴ പോലീസ് സുപ്രണ്ട്), ശ്രീ. ഷാജിമോൻ (കുത്തിയതോട് സർക്കിൾ ഇൻസ്പെക്ടർ) എന്നിവർ അദ്ധ്യക്ഷത വഹിക്കുകയും, റവ. ഫാ. മാർക്ക് ആന്റണി, റവ. ഫാ. ജോൺസൻ ചിറമ്മേൽ (ഡയറക്ടർ, C.S.S.S.), റവ. ഫാ. ആന്റണി തലുതറ എന്നിവർ യോഗം ഉദ്ഘാടനം ചെയ്തു. ✿

# BISHOP'S ENGAGEMENTS IN APRIL - 2008

| DATE | TIME | VENUE | PURPOSE |
|---|---|---|---|
| 01 Tue | 10.00 a.m. | Mumbai | Canon Law Commission |
| 02 Wed | 10.30 a.m. | Bishop's House<br>Mumbai | Monthly Recollection<br>Canon Law Commission |
| 03 Thu | 09.00 a.m.<br>04.00 p.m. | Bishop's House<br>Ernakulam | Meeting people<br>Jeevanaadam Board Meeting |
| 05 Sat | 07.00 p.m. | APC | KCYM Senate Meet - Inauguration |
| 06 Sun | 10.00 a.m.<br>03.00 p.m. | <br>Thoppumpady | KLM Convention at APC or Jubilee<br>Confirmation of ETP students at O.L. Convent Chapel |
| 07 Mon | 09.00 a.m.<br>03.30 p.m. | Bishop's House | Meeting people<br>Fatima Hospital Board Meet |
| 08 Tue | 07.00 a.m. | Kumbalam | Mass for Vocation Camp |
| 09 Wed | 03.00 p.m. | Bishop's House | Board of Social Ministry Meet |
| 10 Thu | 09.00 a.m.<br>04.00 p.m.<br>07.00 p.m. | Bishop's House<br>Ernakulam<br>Carmelgiri | Meeting people<br>Jeevanaadam Board Meeting<br>Code of Canon Law- Jubilee Inauguration |
| 11 Fri | <br>11.30 a.m.<br><br>03.45 p.m. | Carmelgiri<br>Kalamassery | Code of Canon Law - Jubilee<br>Concluding message to Prisoners' Children at Emmaus Centre I<br>Talk on "Effective Governance of Religious Institutes to Religious in the C.L. Jubilee Meet |






| DATE | TIME | VENUE | PURPOSE |
|---|---|---|---|
| 12 Sat | <br><br>09.00 a.m.<br>05.00 p.m. | Kumbalanghi<br>Carmelgiri<br><br>APC | Pastoral Visit at Sacred Heart<br>Code of Canon Law- Jubilee<br>Common Meeting of Laity-Religious-Priests<br>Christeen Leben |
| 13 Sun | <br>03.00 p.m. | Kumbalanghi<br>Thoppumpady | Pastoral Visit at Sacred Heart<br>Youth Convention (KCYM) |
| 14 Mon | 09.00 a.m.<br>03.30 p.m. | Bishop's House | Meeting people<br>Fatima Hospital Board Meeting |
| 16 Wed | 03.30o.m. | B.H. Chapel | Vestition - Mass |
| 17 Thu | 09.00 a.m.<br>04.00 p.m. | Bishop's House<br>Ernakulam | Meeting people<br>Jeevanaadam Board Meeting |
| 18 Fri | 10.30 a.m. | | KRLCC Executive Meeting |
| 19 Sat | 10.30 a.m. | Thankey | Mass - Golden Jubilee of 2 CTC Sisters at St. Rita's Convent |
| 20 Sun | 10.00 a.m.<br>04.00 p.m. | Vadayil<br>Poomkavu | Feast Mass - St. George's - Sermon<br>Confirmation |
| 21 Mon | 09.00 a.m.<br>03.30 p.m. | Bishop's House | Meeting people<br>Fatima Hospital Board Meeting |
| 24 Thu | 09.00 a.m.<br>04.00 p.m.<br>07.00 p.m. | Bishop's House<br>Ernakulam<br>Bishop's House | Meeting people<br>Jeevanaadam Board Meeting<br>Samudayakariyalayam Board Meet |
| 26 Sat | 10.30 a.m. | Palluruthy | Final Profession (3) & Jubilee of (3) Rosary Convent at St. Thomas More |
| 27 Sun | 04.55 a.m. | | Leave for E.T. |

## FROM THE BISHOP'S DIARY

### MARCH 2008

| Date | Time | Purpose |
|---|---|---|
| 3rd Mon | 05.00 p.m. | Jeevanaadam KCYM meet at Jeevanaadam |
| 5th Wed | 11.30 a.m. | Sr. Elizabeth - Mother Augustine coming |
| 6th Thur | 10.30 a.m. | Vasco da Gama Research Centre Meeting |
| 7th Fri | 09.30 - 10.00 a.m. | Asha & Ajesh |
| 11th Tue | 11.00 a.m.<br>04.00 p.m. | Asianet - Interview<br>Seminary Commission |
| 14th Fri | 09.30 a.m.<br>03.00 p.m.<br>05.00 p.m. | Funeral of M/o. Sr. Francesca at Chandiroor<br>Coordination Committee<br>DPC Executive Meet at B.H. |
| 15th Sat | 11.00 a.m.<br>06.00 p.m. | Mass at Divine Providence Convent<br>Releasing of the Cassette - Sebastian Kurisinkal |
| 24th Mon | 10.30 a.m.<br>05.00 p.m. | Vasco da Gama R.I. Meeting at RH.<br>Flag Hoisting at Ambalapuzha - Holy Cross |
| 25th Tue | 03.30 p.m. | Vanithasanganam (KLCA) at St. Mary's Edacochin |
| 29th Sat | 11.30 a.m. | St. Joseph's College - Felicitation to M.Com Winners |



Light of Cochin



# പിന്നാമ്പുറം

## ചാനലുകളുടെ വിശുദ്ധ സാന്നിധ്യം

റവ. ഫാ. ജോൺസൺ തൗണ്ടയിൽ

ഒരു സാർവ്വദേശീയ നിർവ്വചനം കൊണ്ട് വിശ്വാസത്തേയും അന്ധവിശ്വാസത്തേയും വേർതിരിക്കുക സധ്യമല്ല. എല്ലാ അന്ധവിശ്വാസങ്ങളും അടിസ്ഥാനവിശ്വാസങ്ങളായി കരുതി പാലിക്കുന്ന ആരെങ്കിലുമൊക്കെ നമുക്കു ചുറ്റും കാണും. ഒരുവന്റെ വിശ്വാസം അപരന് അന്ധവിശ്വാസമാകുന്നിടത്താണ് മതങ്ങൾ രൂപപ്പെടുന്നതെന്ന സാമൂഹിക വീക്ഷണത്തിന്റെ പൊരുളും ഇതുതന്നെയാണ്. എല്ലാ അന്ധവിശ്വാസങ്ങളും സമൂഹത്തിൽ വേരോട്ടമുള്ളവ തന്നെയാണ്. വിശ്വാസത്തിന്റെ എല്ലാ വിത്തുകളും അന്ധവിശ്വാസത്തിന്റെ പതിരുവിളയിക്കുവാൻ പോന്നവയുമാണ്. ഇവയെ തമ്മിൽ വേർതിരിക്കുന്ന ഒരു നേർരേഖ വരച്ചാൽ അതു ലോലവും സ്തൂലവുമായിപ്പോകും. ജന്മവാസനയായി ലഭിക്കുന്ന ഭയമാണ് അന്ധവിശ്വാസങ്ങളുടെ അടിസ്ഥാനമായി മാറുന്നത്. അറിവിന്റെയും വിശ്വാസത്തിന്റെയും പൂർണ്ണത അവകാശപ്പെടുന്നവനും ഭയപ്പാടുകളിൽനിന്നും മുക്തനല്ലാത്തിടത്തോളം കാലം അവന്റേതായ അന്ധവിശ്വാസങ്ങളുടെ തടവറയിൽ തന്നെയായിരിക്കും കഴിയുക. ബഹുഭൂരിപക്ഷം പേരും ചെറുതും വലുതുമായ അന്ധവിശ്വാസങ്ങളെ പൂർണ്ണ അറിവോടെയല്ലാതെ തന്നെ കാത്തു പാലിച്ചു പോരുന്നുമുണ്ട്. എങ്കിലും വിശ്വാസത്തിനു നിരക്കാത്ത വസ്തുതകളെ പ്രോത്സാഹിപ്പിക്കുകയും ഊട്ടി വളർത്തുകയും ചെയ്യുന്ന പ്രവണതകളോട് ജാഗ്രത പുലർത്തേണ്ടത് അത്യാവശ്യമാണ്.

എല്ലാ മതവിഭാഗങ്ങളിലും അടിസ്ഥാനപ്രമാണങ്ങളോട് നീതി പുലർത്തുന്ന വിശ്വാസത്തേക്കാൾ “ജനകീയ ഭക്തി”ക്കാണ്

പ്രാമുഖ്യം ലഭിക്കുക. ദൈവാന്വേഷണത്തിന്റെയും മതാനുഷ്ഠാനങ്ങളുടെയും പ്രകടനരൂപങ്ങളായിട്ടാണ് ഇവ പ്രത്യക്ഷപ്പെടുന്നത്. സാധാരണക്കാരും ലളിതഹൃദയവുമുള്ള ഭക്തർക്ക് ഈ ബാഹ്യ പ്രകടനങ്ങൾ തങ്ങളുടെ വിശ്വാസ സംരക്ഷണത്തിനും പരിപാലനത്തിനും അത്യാവശ്യമാണുതാനും. താനറിഞ്ഞ ദൈവത്തോടുള്ള തന്റെ വിശ്വാസവും തന്റെ തന്നെ ആത്മ സമർപ്പണവും പ്രകടമാക്കുവാൻ അവർ കണ്ടെത്തുന്ന വഴികളായിട്ടുമാത്രം ഇവ മനസ്സിലാക്കിയാൽ മതി. സഹജീവികളുമായുള്ള സംവേദനത്തിന് പ്രവർത്തികളുടെയും വാക്കുകളുടെയും പിന്തുണയുള്ളതുപോലെ തന്നെയാണ് വിശ്വാസ സംവേദനത്തിന് അവർ സ്വീകരിക്കുന്ന മാർഗ്ഗങ്ങളും. മനസ്സിന്റെ ആഴങ്ങളെ തൊട്ടുണർത്തുവാനും ഈശ്വര സാക്ഷാത്ക്കാരത്തിന്റെ നിവൃതി അനുഭവിക്കുവാനും പോന്ന ആത്മ സംവേദനത്തിന് ഇത്തരം പ്രകടനങ്ങൾ ഉപരിക്കുന്നു എന്ന സത്യം നിക്ഷേധിക്കാനും പാടില്ല. ജനകീയ ഭക്തിയുടെ പ്രകടനങ്ങളിലെ എല്ലാ നന്മകളേയും അംഗീകരിക്കുന്നതോടെപ്പം നിയന്ത്രണമില്ലാത്ത പ്രകടനങ്ങൾ ചെന്നെത്തി നിൽക്കാൻ ഇടയുള്ള അന്ധവിശ്വാസത്തിന്റെയും കൃത്രിമത്വത്തിന്റെയും മേഖലയെപ്പറ്റി നാം ബോധവാന്മാരായിരിക്കണം. ജനകീയ ഭക്തിയെ വിവേകപൂർവ്വം നയിക്കുക എന്ന വലിയ ഉത്തരവാദിത്വം നമുക്കുണ്ട്. ഒരു സുപ്രഭാതത്തിൽ പ്രത്യക്ഷപ്പെട്ട് കുറച്ചുനാൾ ഒരു പ്രകമ്പനമായി നിലനിന്ന് കെട്ടടങ്ങുന്ന അത്ഭുതങ്ങളെപ്പറ്റിയുള്ള വാർത്തകളെ വിവേകപൂർവ്വം സമീപിക്കുവാനുള്ള കരുത്തുണ്ടാവണം. സാധാരണക്കാരന്റെ വിശ്വാസത്തെ സമൂലം നിഷേധിക്കുന്ന വിവേകശൂന്യതയും കൈവിട്ടു സഹായിക്കുന്ന മണ്ടത്തരവും കാട്ടരുത്.

ജനകീയ ഭക്തിയെ മാധ്യമങ്ങൾ കച്ചവടച്ചരക്കാക്കി മാറ്റിയിരിക്കുന്നു എന്നത് പുതിയ അപകടം. അതിശയോക്തി കലർന്ന ഭാഷയിൽ അവതരിപ്പിച്ചു ഫലിപ്പിക്കുന്നിടത്താണ് മാധ്യമങ്ങൾ വിജയിക്കുന്നത്. വാർത്താ ചാനലുകൾപോലും വാർത്തകൾക്കിടയിൽ കൊലപാതങ്ങളും അപകടങ്ങളും ഒരു





പൈങ്കിളിക്കഥപോലെ അവതരിപ്പിക്കുന്നതിന്റെ പിന്നിലെ രഹസ്യവും മറ്റൊന്നല്ല. അസാധാരണത്വം അവകാശപ്പെട്ടുകൊണ്ടുതന്നെയാണ് എല്ലാ ചാനലുകളും പിടിച്ചു നിൽക്കുന്നത്. ചാനലുകൾ ലക്ഷ്യം വെയ്ക്കുന്നത് സാധാരണക്കാരായ ബഹുഭൂരിപക്ഷത്തിന്റെ മൃദുല വികാരങ്ങളെയാണ്. അടിസ്ഥാന വിശ്വാസങ്ങളും സഹതാപവും ഭയവും പരമാവധി പ്രയോജനപ്പെടുത്തുവാൻ പോന്ന രീതിയിലാണ് അവർ എല്ലാക്കാര്യങ്ങളും അവതരിപ്പിക്കുന്നത്. ഭാവനാ സമ്പുഷ്ടമായ കണ്ണുനീർ സീരിയലുകൾക്ക് പ്രസക്തി കുറയുന്നു എന്ന തോന്നലാണ് റിയാലിറ്റി ഷോയിലൂടെ ആളുകളെ അവതരിപ്പിച്ച് അനാവശ്യമായ ഷോട്ടുകളിലൂടെ കരയിപ്പിക്കുവാൻ അവർ തീരുമാനിച്ചത്. ചിരിപ്പിക്കുന്നതിനേക്കാൾ വളരെ എളുപ്പം നടക്കുന്ന കാര്യമാണ് കരയിക്കുക എന്നത്. ചിരി ബുദ്ധിയുടെയും വിവേകത്തിന്റെ മേഖലകളെ തൊടുന്നുവെങ്കിൽ കരയാൻ, കരയിക്കുവാൻ വിവേകശൂന്യമായൊരു എടുത്തു ചാട്ടവും പ്രകടനവും മാത്രം മതി.

കണ്ണുനീരിന്റെ എരിവു കുറഞ്ഞു തുടങ്ങിയപ്പോൾ സീരിയലുകൾ ഭക്തിയുടെ പരിവേഷം പകർന്നാടുകയാണ്. എല്ലാ മതങ്ങൾക്കും ജനകീയ വിഗ്രഹങ്ങളുണ്ട്. സാധാരണക്കാരന്റെ മനസ്സിൽ സ്ഥിരപ്രതിഷ്ഠ നേടിയ പേരുകളും അവയോടു ചേർന്ന് സമൂഹത്തിൽ പ്രചാരത്തിലുള്ള കഥകളും ഉപകഥകളും ഏറെയാണ്. പല കഥകൾക്കും അടിസ്ഥാനങ്ങളില്ല എന്ന കാര്യം പലർക്കും അറിയില്ല. സത്യത്തേക്കാൾ ജനമദ്ധ്യേ വേരോട്ടമുണ്ടാവുക അടിസ്ഥാനങ്ങളില്ലാത്ത ഇത്തരം കഥകൾ തന്നെയായിരിക്കും. ചാനലുകൾ തങ്ങളുടെ കച്ചവടത്തിന് തിരഞ്ഞെടുക്കുന്നത് പലപ്പോഴും ഇത്തരം കഥകളാണ്. വിഷ്വൽ ഇംപാക്റ്റ് എന്നത് ഇവരെ സംബന്ധിച്ചിടത്തോളം പ്രധാന വിഷയമാണ്. ഈ സാധ്യതയെ മുൻനിർത്തിയാണ് അവർ കാര്യങ്ങൾ ക്രമപ്പെടുത്തുന്നത്. ഏറെ പണം മുടക്കി നിർമ്മിച്ച ബൈബിൾ പ്രദർശനം വിജയം നേടാതെ പോയതിനു പിന്നിൽ വടക്കേ ഇന്ത്യൻ ലോബിയുടെ കടന്നുകയറ്റം ഉണ്ടായി എങ്കിലും വിഷ്വൽ ഇംപാക്റ്റിന്റെ പരിമിധിയെ നിഷേധിക്കാനാവില്ല.